സ്ഥാപനം	എണ്ണം
സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ	56
സർക്കാർ ഹൈസ്കൂളുകൾ	56
സർക്കാർ യു.പി.എസ്.	56
സർക്കാർ എൽ.പി.എസ്.	224
ഗ്രാമപഞ്ചായത്തുകൾ	103
മുനിസിപ്പാലിറ്റികൾ	14
മുനിസിപ്പൽ കോർപ്പറേഷനുകൾ	5
താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസുകൾ	69
പോലീസ് സ്റ്റേഷനുകൾ	57
വൃദ്ധസദനങ്ങൾ	14
സാമൂഹ്യക്ഷേമ വകുപ്പിൻകീഴിലെ മറ്റ് ക്ഷേമസ്ഥാപനങ്ങൾ	34
അംഗൻവാടികൾ	1102

ഉത്തരവിന്റെ പൂർണ്ണരൂപം സർക്കാർ നവീകരണ പരിപാടിയുടെ ജാലികയായ (website) www.keralamgp.org-ൽ ലഭ്യമാണ്.

(സി) ഇല്ല. ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളെയും സേവനനിലവാരം ഉയർത്തുന്നതിനുള്ള ഈ പരിപാടിയിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്കുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള ചർച്ചകളും ശിൽപ്പശാലകളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുജനങ്ങളുമായും ജനപ്രതിനിധികളുമായും വ്യാപകമായ ചർച്ചകൾ നടത്തുന്നതാണ്.

വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥ പുനർവിന്യാസം

17 [1593] ശ്രീ. മാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥ പുനർവിന്യാസം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) വിവിധ വകുപ്പുകളിലെ ഏതു തസ്തികകളിലുള്ള എത്ര ഉദ്യോഗസ്ഥരെയാണ് പുനർവിന്യസിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തുന്നതിനായി വിവിധ വകുപ്പുകൾ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലുള്ള മാനദണ്ഡം ലംഘിച്ച് ജീവനക്കാരെ പുനർവിന്യസിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) ഇപ്പോൾ സർക്കാർ വകുപ്പുകളിൽ നിലവിലുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇതു സംബന്ധിച്ച ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ജി) ഇപ്പോൾ നടത്തുന്ന ഉദ്യോഗസ്ഥ പുനർവിന്യാസം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(എച്ച്) പുനർവിന്യാസം പൂർത്തീകരിക്കാത്തതിനാൽ പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ തടസ്സപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) എങ്കിൽ ഇത് പരിഹരിക്കാൻ പുനർവിന്യാസം ജൂലായ് 31-നകം പൂർത്തീകരിക്കാനും പി.എസ്.സി. വഴിയുള്ള നിയമനം ത്വരിതപ്പെടുത്താനും സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഐ) വിവിധ സർക്കാർ വകുപ്പുകളിൽ അധികമായി കണ്ടെത്തിയ തസ്തികകൾ സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ† 19-11-2003-ലെ സ.ഉ.(പി) നമ്പർ 34/03/ഉ.ഭ.പ.വ. പ്രകാരം ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുകയും ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ദീർഘകാലമായി ആളില്ലാതെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നിർത്തലാക്കുകയും നിലവിൽ ജീവനക്കാരുള്ളവ സൂപ്പർന്യൂമററി ആയി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അധിക തസ്തികകൾ നിർത്തലാക്കൽ/പുനർവിന്യസിക്കൽ എന്നീ കാര്യങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓരോ വകുപ്പിലും വിവിധ തസ്തികകളിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ ശ്രദ്ധാപൂർവ്വം കണക്കാക്കി ഈ ഒഴിവുകൾ 1-12-2003-ന് ശേഷം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിലേക്കുള്ള നിയമനത്തിന് ഏർപ്പെടുത്തിയിരുന്ന എല്ലാ നിയന്ത്രണങ്ങളും 1-12-2003 മുതൽ നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. പുനർവിന്യാസം സംബന്ധിച്ചുള്ള മറ്റ് വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 19-11-2003-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 34/03/ഉ.ഭ.പ.വ.-ൽ നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വകുപ്പുകൾ ഏതെങ്കിലും തരത്തിലുള്ള റിഅറേഞ്ചുമെന്റുകൾ നടത്തിയിട്ടുണ്ടോ എന്നതിനെപ്പറ്റി വിശദവിവരം ശേഖരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly